**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 438** | **11-08-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ് കൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ് ഈ മേഖലയിൽ മുൻ പരിചയമില്ലാത്തതായി പറയപ്പെടുന്ന അദാനി ഗ്രൂപ്പിന് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും മേൽനോട്ടവും സംസ്ഥാന സർക്കാരിന് മുഖ്യ പങ്കാളിത്തമുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളിൽ നിക്ഷിപ്തമാക്കണമെന്ന സംസ്ഥാനത്തിന്റെ ശക്തമായ ആവശ്യം പരിഗണിക്കാതെ അദാനി എന്റർപ്രൈസസിനെ ഏൽപ്പിക്കാൻ കേന്ദ്രസർക്കാർ തീരുമാനിക്കുകയുണ്ടായി. |
| (ബി) | വിവിധ പദ്ധതികൾക്കായി ആയിരത്തി അഞ്ഞൂറ് കോടി രൂപയും പുതിയ ടെർമിനൽ നിർമ്മാണത്തിനായി അറുന്നൂറ് കോടി രൂപയും ചെലവഴിച്ച് അതിന്റെ പ്രവൃത്തികൾ പുരോഗമിക്കുമ്പോൾ പ്രസ്തുത വിമാനത്താവളം സ്വകാര്യ വ്യക്തിക്ക് കൈമാറുന്നതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം വിമാനത്താവളത്തിന്റെ ഭൂമിയിൽ അധികവും തിരുവിതാംകൂർ മഹാരാജാവും സംസ്ഥാന സർക്കാരും നൽകിയതാണ്. ബാക്കി സംസ്ഥാന സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയിട്ടുള്ളതാണ്. ഈ പശ്ചാത്തലത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര നീക്കത്തെ പ്രതിരോധിക്കുവാൻ എല്ലാ നടപടികളും സ്വീകരിച്ചിരുന്നു. സംസ്ഥാന സർക്കാർ കൈമാറിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി തിരുവനന്തപുരം വിമാനത്താവള കമ്പനിയിൽ നിലനിർത്തി സ്വകാര്യവത്കരണം ചെറുക്കുന്നതിനാണ് സർക്കാർ ശ്രമിച്ചത്. ഇതിന്റെ ഭാഗമായി KSIDC യുടെ നേതൃത്വത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മത്സരാധിഷ്ഠിത ലേലത്തിൽ പങ്കെടുക്കുകയും ചെയ്തു. അതോടൊപ്പം പ്രത്യേക കമ്പനിക്ക് വിമാനത്താവള നടത്തിപ്പിന്റെ ചുമതല നല്കുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് ബഹു. പ്രധാനമന്ത്രിക്ക് കത്തും അയച്ചിരുന്നു. കൂടാതെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് |

അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്ക് തന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (റ്റിയാൽ) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിച്ചെങ്കിലും ആയത് അംഗീകരിച്ചില്ല. തുടർന്ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ നടപടിക്കെതിരെ സർക്കാരും കെ.എസ്.ഐ.ഡി.സിയും ചേർന്ന് കേരള ഹൈക്കോടതി മുമ്പാകെ WP(C). 6823/2019, 6076/2019 നമ്പർ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി. ബഹു. ഹൈക്കോടതി ഈ വിഷയം പരിശോധിച്ച് പുറപ്പെടുവിച്ച വിധിയിൽ, കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഉൾപ്പെട്ട വിഷയം ആയതിനാൽ ഈ ഹർജിയുടെ ഒർജിനൽ ജൂറിസ്ഡിക്ഷൻ ഭരണ ഘടനയുടെ അനുച്ഛേദം 131 പ്രകാരം ബഹു. സുപ്രിം കോടതിയാണെന്ന് പ്രസ്താവിച്ചു. ഈ വിധി പ്രസ്താവനയിൽ കേന്ദ്രസർക്കാർ എയർപോർട്ട് അതോറിറ്റി നൽകിയ ശുപാർശകളിന്മേൽ തീരുമാനമെടുത്ത് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടില്ല എന്നും പരാമർശിച്ചിട്ടുണ്ടായിരുന്നു. ഇതിനെതിരെ ബഹു. സുപ്രിം കോടതിയിൽ സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള കക്ഷികൾ അപ്പീൽ ഫയൽ ചെയ്തു. തുടർന്ന് ബഹു. സുപ്രിം കോടതി മേൽപറഞ്ഞ ഹൈക്കോടതി വിധി റദ്ദാക്കുകയും ഹൈക്കോടതി റിട്ട് ഹർജി കേൾക്കണമെന്ന് വിധി പ്രസ്താവിക്കുകയും ചെയ്തു. ബഹു. സുപ്രിം കോടതി വിധിക്കനുസൃതമായി ബഹു. കേരള ഹൈക്കോടതിയിൽ കേസിൽ ഹിയറിംഗ് നടന്നുവരുന്നതിനിടയിലാണ് 19.08.2020 ൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം ഏകപക്ഷീയമായി തിരുവനന്തപുരം വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും അദാനി എന്റർ പ്രൈസസിനെ ഏർപ്പിക്കാൻ തീരുമാനമെടുത്തത്. വിമാനത്താവളം കൈമാറാനുള്ള തീരുമാനം സംസ്ഥാനത്തെ ജനങ്ങളുടെ പൊതു വികാരത്തിന് അനുസൃതമല്ല എന്ന് 19.08.2020 ന് തന്നെ ബഹു. പ്രധാനമന്ത്രിയെ കത്തിലൂടെ അറിയിച്ചിരുന്നു. ഇതിനെത്തുടർന്ന് 20.08.2020 ന് എല്ലാ രാഷ്ട്രീയ കക്ഷി നേതാക്കളുടെയും യോഗം വീഡിയോ കോൺഫറൻസ് മുഖേന വിളിച്ചു ചേർക്കുകയും യോഗത്തിലെ പൊതു വികാരം ബഹു. പ്രധാനമന്ത്രിയെ വീണ്ടും കത്തിലൂടെ അറിയിച്ചിട്ടുമുണ്ട്. സംസ്ഥാനത്തിന്റെ പൊതു

| | | | |
|---|---|---|---|
| | | | വികാരം കണക്കിലെടുത്ത് 19.08.2020 ലെ കേന്ദ്ര സർക്കാർ തീരുമാനം പുനപരിശോധിക്കണമെന്നും തിരുവനന്ത- പുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തമുള്ള എസ്.പി.വി ക്ക് നൽകണമെന്നും കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഡൽഹി, മുംബൈ വിമാനത്താവളങ്ങൾ സ്വകാര്യ വ്യക്തിയെ ഏൽപ്പിച്ചതിലൂടെ നടന്നിട്ടുള്ളതായി പറയപ്പെടുന്ന ചൂഷണങ്ങളുടെയും സംഭവിച്ച നഷ്ടത്തിന്റെയും അടിസ്ഥാനത്തിൽ തലസ്ഥാനത്തെ വിമാനത്താവളത്തിന് സമാനഗതി ഉണ്ടാകാതിരിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം വിമാനത്താവളത്തിന്റെ ഭൂമിയിൽ അധികവും തിരുവിതാംകൂർ മഹാരാജാവും സംസ്ഥാന സർക്കാരും നൽകിയതാണ്. ബാക്കി സംസ്ഥാന സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയിട്ടുള്ളതാണ്. ഈ പശ്ചാത്തലത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര നീക്കത്തെ പ്രതിരോധിക്കുവാൻ എല്ലാ നടപടികളും സ്വീകരിച്ചിരുന്നു. സംസ്ഥാന സർക്കാർ കൈമാറിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി തിരുവനന്തപുരം വിമാനത്താവള കമ്പനിയിൽ നിലനിർത്തി സ്വകാര്യവത്കരണം ചെറുക്കുന്നതിനാണ് സർക്കാർ ശ്രമിച്ചത്. ഇതിന്റെ ഭാഗമായി KSIDC യുടെ നേതൃത്വത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മത്സരാധിഷ്ഠിത ലേലത്തിൽ പങ്കെടുക്കുകയും ചെയ്തു. അതോടൊപ്പം പ്രത്യേക കമ്പനിക്ക് വിമാനത്താവള നടത്തിപ്പിന്റെ ചുമതല നല്കുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് ബഹു. പ്രധാനമന്ത്രിക്ക് കത്തും അയച്ചിരുന്നു. കൂടാതെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്ക് തന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (റ്റിയാൽ) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിച്ചെങ്കിലും ആയത് അംഗീകരിച്ചില്ല. തുടർന്ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ നടപടിക്കെതിരെ സർക്കാരും കെ.എസ്.ഐ.ഡി.സിയും ചേർന്ന് കേരള ഹൈക്കോടതി മുമ്പാകെ WP(C). 6823/2019, 6076/2019 നമ്പർ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി. ബഹു. ഹൈക്കോടതി ഈ വിഷയം പരിശോധിച്ച് പുറപ്പെടുവിച്ച വിധിയിൽ, കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഉൾപ്പെട്ട |

| | | | |
|---|---|---|---|
| | | | വിഷയം ആയതിനാൽ ഈ ഹർജിയുടെ ഒർജിനൽ ജൂറിസ്ഡിക്ഷൻ ഭരണ ഘടനയുടെ അനുച്ഛേദം 131 പ്രകാരം ബഹു. സുപ്രിം കോടതിയാണെന്ന് പ്രസ്താവിച്ചു. ഈ വിധി പ്രസ്താവനയിൽ കേന്ദ്രസർക്കാർ എയർപോർട്ട് അതോറിറ്റി നൽകിയ ശുപാർശകളിന്മേൽ തീരുമാനമെടുത്ത് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടില്ല എന്നും പരാമർശിച്ചിട്ടുണ്ടായിരുന്നു. ഇതിനെതിരെ ബഹു. സുപ്രിം കോടതിയിൽ സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള കക്ഷികൾ അപ്പീൽ ഫയൽ ചെയ്തു. തുടർന്ന് ബഹു. സുപ്രിം കോടതി മേൽപറഞ്ഞ ഹൈക്കോടതി വിധി റദ്ദാക്കുകയും ഹൈക്കോടതി റിട്ട് ഹർജി കേൾക്കണമെന്ന് വിധി പ്രസ്താവിക്കുകയും ചെയ്തു. ബഹു. സുപ്രിം കോടതി വിധിക്കനുസൃതമായി ബഹു. കേരള ഹൈക്കോടതിയിൽ കേസിൽ ഹിയറിംഗ് നടന്നുവരുന്നതിനിടയിലാണ് 19.08.2020 ൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം ഏകപക്ഷീയമായി തിരുവനന്തപുരം വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും അദാനി എന്റർ പ്രൈസസിനെ ഏർപ്പിക്കാൻ തീരുമാനമെടുത്തത്. വിമാനത്താവളം കൈമാറാനുള്ള തീരുമാനം സംസ്ഥാനത്തെ ജനങ്ങളുടെ പൊതു വികാരത്തിന് അനുസൃതമല്ല എന്ന് 19.08.2020 ന് തന്നെ ബഹു. പ്രധാനമന്ത്രിയെ കത്തിലൂടെ അറിയിച്ചിരുന്നു. ഇതിനെത്തുടർന്ന് 20.08.2020 ന് എല്ലാ രാഷ്ട്രീയ കക്ഷി നേതാക്കളുടെയും യോഗം വീഡിയോ കോൺഫറൻസ് മുഖേന വിളിച്ചു ചേർക്കുകയും യോഗത്തിലെ പൊതു വികാരം ബഹു. പ്രധാനമന്ത്രിയെ വീണ്ടും കത്തിലൂടെ അറിയിച്ചിട്ടുമുണ്ട്. സംസ്ഥാനത്തിന്റെ പൊതു വികാരം കണക്കിലെടുത്ത് 19.08.2020 ലെ കേന്ദ്ര സർക്കാർ തീരുമാനം പുനപരിശോധിക്കണമെന്നും തിരുവനന്ത- പുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തമുള്ള എസ്.പി.വി ക്ക് നൽകണമെന്നും കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ